"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം പാങ്ങോട് KVUP സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ എ.എം അൻസാരി സമർപ്പിച്ച റിവിഷൻ ഹർജി - നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4090/2025/GEDN തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. പാങ്ങോട് KVUPS അധ്യാപകൻ ശ്രീ എ.എം അൻസാരി 21/11/2024 ന് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
2. ശ്രീ എ.എം അൻസാരി സമർപ്പിച്ച ഹിയറിംഗ് കുറിപ്പുകൾ
3. മാനേജരുടെ 16/12/2024 ലെ ഹിയറിംഗ് കുറിപ്പുകൾ
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17/12/2024 ലെ VA2/7430/2024/ഡി.ജി.ഇ നമ്പർ ഹിയറിംഗ് കുറിപ്പുകൾ
5. പാങ്ങോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/12/2024 ലെ AEOPLD/483/2024-C നമ്പർ ഹിയറിംഗ് കുറിപ്പുകൾ

**ഉത്തരവ്**

തിരുവനന്തപുരം പാങ്ങോട് KVUP സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ എ.എം അൻസാരിയുടെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ ഉത്തരവ് റദ്ദാക്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവാകുന്നതിനായി പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി

2. ചുമതലപ്പെടുത്തിയതിൻ പ്രകാരം 23/12/2024-ന് പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി ഹർജിക്കാരനെ നേരിൽ കേട്ടു. ശ്രീ അൻസാരി എ.എം, HM (under suspension), ടിയാന്റെ പ്രതിനിധി , മാനേജറുടെ പ്രതിനിധി, AEO പാലോട്, DGE എന്നിവരുടെ പ്രതിനിധികൾ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു. ഹിയറിംഗിൽ പങ്കെടുത്തവരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

3. **ശ്രീ അൻസാരി എ.എം**

i) പാലോട് വിദ്യാഭ്യാസ ഉപജില്ലയിൽ പ്രവർത്തിക്കുന്ന ഒരു എയിഡഡ് വ്യക്തിഗത (Individual) മാനേജ്മെൻ്റ് സ്കൂളാണ് KV UPS പാങ്ങോട്. സ്കൂളിൻ്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ്, മുൻ ഉടമയും

മാനേജരുമായിരുന്ന ശ്രീ . എം. അബ്ദുൾ ലത്തീഫിൽ നിന്നും നിലവിലെ ഉടമയും മാനേജരുമായ ശ്രീ. എ.ജി. നൗഷാദിൻ്റെ പേരിലുള്ള മാറ്റം 24/5/2024 മുതൽ മാത്രം പ്രാബല്യത്തിലാണ് പാലോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/5/2024 ലെ സി/1186/2023-എ.ഇ.ഒ നമ്പർ ഉത്തരവിലൂടെ അംഗീകരിച്ചു നല്കിയിട്ടുള്ളത്

ii) എന്നാൽ ശ്രീ. നൗഷാദ്. എ. ജി. 11/3/2024 ന്, സ്വയം മാനേജരായി ഭാവിച്ചുകൊണ്ട് 11/2024 നമ്പർ പ്രകാരം ഹെഡ്മാസ്റ്ററായ തന്നെ സസ്പെന്റ് ചെയ്തു കൊണ്ട് ഒരു " ഉത്തരവ്" പുറപ്പെടുവിച്ചു .കെ. ഇ. ആർ. അദ്ധ്യായം XIV A യിലെ ചട്ടം 67 ന്റെ ഉപചട്ടം (1) പ്രകാരം, അന്നേ ദിവസം 11/3/2024 ന് മാനേജരായിരുന്ന ശ്രീ .എം. അബ്ദുൾ ലത്തീഫിനല്ലാതെ മറ്റാർക്കും തന്നെ ഹെഡ് മാസ്റ്ററായ അൻസാരിയെ സസ്പെന്റ് ചെയ്യാൻ അധികാരമുണ്ടായിരുന്നില്ല. ശ്രീ. നൗഷാദ്.എ.ജി-ക്ക് "കറസ്പോണ്ടൻ്റ് മാനേജർ" എന്നൊരു പുതിയ ഡെസിഗ്നേഷൻ സ്വന്തം നിലയിൽ നല്കി ക്കൊണ്ട് പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സസ്പെൻഷൻ നടപടി അംഗീകരിക്കുകയും 15 ദിവസത്തിലധികം കാലം തന്നെ സസ്പെൻഷനിൽ നിർത്താൻ അനുമതി നല്കിക്കൊണ്ട് 25/3/2024 ലെ സി/483/2024 എ.ഇ.ഒ നമ്പർ പ്രകാരം ഉത്തരവായി.

iii) അംഗീകൃത മാനേജരല്ലാതെ ശ്രീ നൗഷാദ് പുറപ്പെടുവിച്ച സസ്പെൻഷൻ ഉത്തരവിനെതിരേ താൻ ബഹു. ഹൈക്കോടതി മുമ്പാകെ WP(C)10039/2024 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തെങ്കിലും, ടി സസ്പെൻഷൻ നടപടിക്ക് പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നല്കിയതോടെ, പ്രസ്തുത കേസ് താൻ പിൻവലിച്ചു. 6 മാസത്തിലധികമായി സസ്പെൻഷനിൽ തുടരുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ, ടി സസ്പെൻഷൻ 15 ദിവസത്തിലധികമുള്ള കാലത്തേക്കു നീട്ടി നല്കിയ അധികാരിയുടെ തൊട്ടു മുകളിലുള്ള അധികാരി റിവ്യൂ ചെയ്ത് ഉത്തരവാകണം എന്ന് കെ.ഇ.ആർ അദ്ധ്യായം XIV A യിലെ ചട്ടം 67 ൻ്റെ ഉപചട്ടം (9) അനുശാസിക്കുന്നു. അതനുസരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തൊട്ടുമുകളിലുള്ള അധികാരി എന്ന നിലയിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് ഇക്കാര്യത്തിൽ റിവ്യൂ നടത്തേണ്ടത്.

iv) എന്നാൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22/08/2024 ലെ B4/4094/ 24 നമ്പർ ഉത്തരവനുസരിച്ച് 4/09/2024 ന് സ്കൂളിലെത്തി പരിശോധന നടത്തിയ ശേഷം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 13/09/2024 ന് B1/761/2024 നമ്പരായി" കെ. ഇ. ആർ. അദ്ധ്യായം XIV A യിലെ ചട്ടം 75 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട്' എന്ന തലക്കെട്ടോടെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് തുടർനടപടിക്കായി ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തന്റെ സസ്പെൻഷൻ 6 മാസവും 3 ദിവസവും കഴിഞ്ഞ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ സസ്പെൻഷൻ

സംബന്ധിച്ച യാതൊരു പരാമർശവും നടത്തിക്കാണുന്നില്ല. സസ്പെൻഷൻ കാര്യത്തിൽ തീർപ്പൊന്നും ഉണ്ടായില്ലെങ്കിലും ടി റിപ്പോർട്ടിൽ തനിക്കെതിരായ കുറ്റാരോപണങ്ങളെല്ലാം തെളിഞ്ഞതായി കണ്ടതിനാൽ തനിക്കു ' നിർബന്ധിത പെൻഷൻ' എന്ന കഠിന ശിക്ഷ നല്കാൻ തീരുമാനിച്ചെന്നും അതിന്മേൽ വിശദീകരണം ഉണ്ടെങ്കിൽ സമർപ്പിക്കാനാവശ്യപ്പെട്ട് 23/09/2024 ന് 25/2024 നമ്പരായി മാനേജർ കത്തയച്ചു. കുറ്റാരോപിതന് സസ്പെന്റ് ചെയ്ത് 6 മാസത്തിലധികമായിട്ടും ഒരു കുറ്റപത്രം പോലും നല്കിയിട്ടില്ലാത്ത കാര്യത്തിലാണ് 'ചട്ടം 75 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്' എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എഴുതിയിരിക്കുന്നത്.

v) മേൽ സാഹചര്യത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു റിവ്യൂ സാധ്യമാവില്ല എന്നു ബോധ്യപ്പെട്ട്, പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ ഹർജി സമർപ്പിച്ചു. എന്നാൽ ആയത് നിരസിക്കുകയും സസ്പെൻഷൻ വീണ്ടും ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം തന്നെ KER 14 A ചട്ടം 75 പ്രകാരമുള്ള അച്ചടക്ക നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മാനേജർക്കു നിർദ്ദേശവും നല്കിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവു റദ്ദാക്കി തനിക്ക് എത്രയും വേഗം സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുകൂല ഉത്തരവുണ്ടാകുന്നതിലേക്കായി സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചത് .

vi) KV UPS പാങ്ങോടിൻ്റെ ഉടമയും മാനേജരുമായിരുന്ന ശ്രീ. എം.അബ്ദുൾ ലത്തീഫ്, ടി സ്കൂളിന്റെ ഉടമസ്ഥത ശ്രീ. നൗഷാദ്.എ.ജി യുടെ പേരിൽ വില്പ്പന കരാറാക്കിയ ശേഷം, ടി സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെൻ്റ് ശ്രീ. നൗഷാദിന്റെ പേരിൽ മാറ്റി നല്കുന്നതിനുള്ള പൊതു വിദ്യാഭ്യാസഡയറക്ടറുടെ മുന്നനുവാദം [ കെ. ഇ. ആർ അദ്ധ്യായം II ലെ ചട്ടം 5 A ] ലഭ്യമാകുന്നതിനുള്ള അപേക്ഷ 24/07/2023 ലെ C/1186/2023 കത്തുപ്രകാരം ഉപ ജില്ലാവിദ്യാഭ്യാസ ഓഫീസർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു സമർപ്പിച്ചു. എന്നാൽ ഈ അപേക്ഷ 20/12/2023 ലെ എഫ് 1/14958/2023/ഡി.ജി.ഇ നമ്പർ ഉത്തരവിലൂടെ നിരസിച്ചു നല്കി. പിന്നീട് സർക്കാരിന്റെ 8/05/2024 ലെ എഫ്1/1/2024/GEDN നമ്പർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15/5/2024 ലെ എഫ്(1)/3070/2024/ഡിജിഇ നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിലാണ് 24/05/2024 ലെ സി/1186/2023/എ.ഇ.ഒ നമ്പർ പ്രകാരം KV UPS പാങ്ങോടിൻ്റെ മാനേജരായി 24/05/2024 മുതൽ മാത്രം പ്രാബല്യത്തിൽ ശ്രീ. നൗഷാദ്, എ.ജിയെ അംഗീകരിച്ച് പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായത്. സസ്പെൻഷൻ ഉത്തരവു പുറപ്പെടുവിച്ച 11/03/2024 ന് ശ്രീ.നൗഷാദ്.എ.ജി അംഗീകൃത മാനേജരായിരുന്നില്ല എന്നതുകൊണ്ട് തന്നെ പ്രസ്തുത ഉത്തരവു ക്രമപ്രകാരമുള്ളതോ നിലനില്ക്കുന്നതോ അല്ല.

**vii)** ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി മാനേജരുടെ ചുമതല കൈമാറ്റം എന്ന ചട്ട വിരുദ്ധ നടപടി അംഗീകരിച്ച തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **08/08/2023** ലെ ഉത്തരവിന് നിയമപരമായ യാതൊരു മൂല്യവും ഇല്ല .

**viii)** എയിഡഡ് സ്കൂളുകളുടെ മാനേജ്മെൻ്റുമായി ബന്ധപ്പെട്ട സകല കത്തിടപ്പാടുകളും **(correspondence )** മാനേജരോ അല്ലെങ്കിൽ അതിനായി അദ്ദേഹം നിയമിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ച ആൾ മുഖേനയോ ആണു നടത്തേണ്ടത് എന്നു കെ. ഇ. ആർ അദ്ധ്യായം **III** ലെ ചട്ടം **6** വ്യവസ്ഥ ചെയ്യുന്നുണ്ട്.

**ix)** വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച മാനേജർക്കു മാത്രമേ എയിഡഡ് സ്കൂൾ അദ്ധ്യാപകരെ സസ്പെന്റ് ചെയ്യാൻ അധികാരമുള്ളൂ. സസ്പെൻഷൻ ഉത്തരവു പുറപ്പെടുവിച്ച **11/03/2024** ന് അംഗീകൃത മാനേജരായി തുടർന്നിരുന്നത് എം . അബ്ദുൾ ലത്തീഫ് തന്നെയായിരുന്നു. നൗഷാദിന്റെ പേരിൽ ഈ സ്കൂളിൻ്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെൻ്റ് മാറ്റത്തിന് മുൻകൂർ അനുമതിക്കായി സമർപ്പിച്ച അപേക്ഷ നിരസിച്ചു കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ **20/12/2023** ഉത്തരവായിരുന്നു.

**x)** തന്റെ ഭാഗത്തു നിന്നുണ്ടായതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരത്തേ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു റിപ്പോർട്ടു ചെയ്തിട്ടുള്ള ഗുരുതരമായ വീഴ്ച സംബന്ധിച്ച് പരിശോധിക്കുമ്പോൾ **2023 - 24** വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം, തസ്തിക നിർണ്ണയത്തിനു കണക്കിലെടുത്ത കുട്ടികളുടെ എണ്ണം, അർഹതയുള്ളതും അനുവദിച്ചതുമായ ഡിവിഷനുകളുടെ എണ്ണം എന്നിവ ചുവടേ ചേർക്കുന്നു.

| ക്ലാസ്സ് | V | VI | VII | ആകെ |
|---|---|---|---|---|
| ആറാം സാധ്യായ ദിന റോളിലെ എണ്ണം | 121 | 174 | 172 | 467 |
| UID ഉള്ളവർ | 117 | 173 | 168 | 458 |
| Invalid UID | 2 | 1 | 3 | 6 |
| UID ഇല്ലാത്തവർ | 2 | 0 | 1 | 3 |
| ഇഫക്ടീവ് സ്ട്രെങ്ങ്ത് | 117 | 173 | 168 | 458 |
| അർഹതയുള്ളതും അനുവദിച്ചതുമായ ഡിവിഷനുകൾ | 4 | 5 | 5 | 14 |

**xi)** അഞ്ചാം ക്ലാസ്സിൽ **120** കുട്ടികൾക്ക് **4** ഡിവിഷൻ ലഭിക്കും. **121** ഉണ്ടെങ്കിൽ **5** ഡിവിഷൻ ലഭിക്കും. **5** ലെ **2** ഇൻവാലിഡ് **UID** വാലിഡ് ആക്കി മാറ്റുന്നതിലും **UID** ഇല്ലാത്ത **2** കുട്ടികളുടെ **UID** ലഭ്യമാക്കുന്നതിലും ഹെഡ് മാസ്റ്റർ വീഴ്ച വരുത്തി. അതു ' ഗുരുതരവീഴ്ച' യാണെന്നാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കണ്ടെത്തൽ ഇതേ ഉപജില്ലയിലെ മുഴുവൻ തസ്തിക നിർണ്ണയ ഉത്തരവുകളിലും ഇൻവാലിഡ് **UID**യും **UID** ഇല്ലാത്തവരും ഉണ്ട്. ആകെ **152** കുട്ടികളുള്ള സ്കൂളിൽ **13** ഇൻവാലിഡ് **UID** ഉള്ളവർ വരെയുണ്ട് ഉപജില്ലാ

വിദ്യാഭ്യാസഓഫീസറുടെ ഇതേ മാനദണ്ഡം മുഴുവൻ സ്ക്കൂളുകളിലും ബാധകമാക്കിയാൽ മുഴുവൻ ഹെഡ്മാസ്റ്റർമാരെയും സസ്പെൻ്റ് ചെയ്യേണ്ടി വരും.

**xii)** പൊതു വിദ്യാഭ്യാസഡയറക്ടർ, **2023** ഡിസംബർ **11, 12** തിയതികളിൽ കൂടി സമ്പൂർണ്ണയിൽ **UID** അപ് ലോഡ് ചെയ്യാൻ അവസരം നല്കിയിരുന്നു അതിനുമുമ്പുതന്നെ ഈ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും **UID** ചേർത്തു നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ആധാർകാർഡിലെയും ജനന സർട്ടിഫിക്കറ്റിലെയും പേരുകളിൽ വ്യത്യാസമുണ്ടായതിനാലാണ് രണ്ട് കുട്ടികളുടെ **UID** ഇൻവാലിഡ് ആയത്. രക്ഷകർത്താക്കൾ അതു ക്രമപ്രകാരമാക്കി സമർപ്പിച്ചപ്പോഴേക്കും ആറാം സാധ്യായ ദിനം കഴിഞ്ഞിരുന്നു. കുട്ടിയുടെ **UID** നമ്പരിൽ വ്യത്യാസമുണ്ടായതിനാൽ എൻട്രിയാകാത്തതും, **TC** വാങ്ങാതെ വന്ന ഒരു കുട്ടിയുടെ **UID** ട്രാൻസ്ഫർ ചെയ്തു കിട്ടാത്തതുമാണ് രണ്ടു കുട്ടികളുടെ **UID** ലഭ്യമല്ലാത്ത സാഹചര്യം സൃഷ്ടിച്ചത്. ഇതെല്ലാം തന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ദീർഘിപ്പിച്ചു നല്കിയ സമയത്തിനകം പരിഹരിച്ചു സമ്പൂർണ്ണയിലെ **UID** എൻട്രി **100 %** പൂർത്തിയായി. യാതൊരു കൃത്യവിലോപവും തന്റെ ഭാഗത്തു സംഭവിച്ചിട്ടില്ല. തന്നെ ചുമതലയിൽ നിന്നും മാറ്റി നിറുത്തിയിരുന്നില്ലെങ്കിലും യാതൊരു പ്രതികൂല സാഹചര്യവും ഉണ്ടാകുമായിരുന്നില്ല. ഒരു ലഘു ശിക്ഷപോലും ചുമത്താവുന്ന സാഹചര്യം കുറ്റാരോപണത്തിൽ കാണുന്നില്ല .

**xiii)** കെ.ഇ.ആർ. അദ്ധ്യായം **XIV A** യിലെ ചട്ടം **67** ൻ്റെ ഉപചട്ടം **9 -** ൽ **6** മാസത്തിലധികമായി സസ്പെൻഷനിൽ തുടരുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകൻ്റെ സസ്പെൻഷൻ പുനപരിശോധനക്കു വിധേയമാക്കി ഉചിത തീരുമാനം കൈക്കൊള്ളണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് (പർച്ചേസ്) **04/10/2024** ന് രാവിലെ **11** മണിക്ക് ബന്ധപ്പെട്ടവരെ നേരിൽ കേട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിലവിൽ സ്കൂളിൻ്റെ ടീച്ചർ ഇൻ ചാർജായി തുടരുന്ന അദ്ധ്യാപകൻ്റെ വാദഗതികൾ മാത്രം കണക്കിലെടുത്താണ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നത് .

**xiv) 2023** ജനുവരി മാസത്തിൽ **2** അദ്ധ്യാപകരുടെ അക്കൗണ്ടിലേക്കു തെറ്റായി ശമ്പളം ക്രെഡിറ്റു ചെയ്യപ്പെട്ട സ്പാർക്കിലെ സാങ്കേതികതയാൽ സംഭവിച്ചുപോയ പിശക് ഇതിനകം പരിഹരിച്ചിട്ടുണ്ട് . അതാത് അദ്ധ്യാപകർ തന്നെ തുക തിരികെ ഒടുക്കിയിട്ടുണ്ട്. ശ്രീജ എന്ന അദ്ധ്യാപികയുടെ **E L** സറണ്ടർ സംബന്ധിച്ച രേഖപ്പെടുത്തലുകൾ തെറ്റാണെന്ന് കാണിച്ചുകൊണ്ട് ടിയാളുടെ ഭർത്താവു നല്കിയ പരാതിയിൽ സർവ്വീസ് ബുക്കും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ച് ഈ പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെടുത്തിയിട്ടുള്ളതാണ് .

**xv)** മാനേജർ ഇന്നോളം കുറ്റപത്രമോ കുറ്റാരോപണപത്രികയോ തനിക്കു നല്കിയിട്ടില്ല എന്നതാണു യാഥാർത്ഥ്യം. **11/03/2024** ന് സസ്പെൻഷൻ ഉത്തരവു പുറപ്പെടുവിക്കാൻ ശ്രീ. നൗഷാദിന് അധികാരമുണ്ടായിരുന്നില്ല എന്നതുപോലെ, അദ്ദേഹത്തെ മാനേജരായി അംഗീകരിച്ച **24/015/2024** ന് മുമ്പ് അദ്ദേഹത്തിനു കുറ്റപത്രം നല്കാനും അധികാരമുണ്ടായിരുന്നില്ല എന്നതും വസ്തുതയാണ്. **24/05/2024** മുതലിങ്ങോട്ട് അദ്ദേഹം അംഗീകൃത മാനേജരാകയാൽ, കുറ്റപത്രവും കുറ്റാരോപണപത്രികയും. എപ്പോൾ തന്നാലും ആയതു കൈപ്പറ്റുന്നതിനോ തുടർനടപടികൾ കൈക്കൊള്ളുന്നതിനോ യാതൊരു തടസ്സവുമില്ല. നാളിതു വരെ അദ്ദേഹത്തിൽ നിന്നും കുറ്റപത്രവും കുറ്റാരോപണപത്രികയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

**xvi)** മേൽ സാഹചര്യത്തിൽ,

**(a)** തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ **08/08/2023** ന് **B4/5569/2023** നമ്പരായി പുറപ്പെടുവിച്ച ചട്ട വിരുദ്ധ ഉത്തരവ് റദ്ദാക്കി ഉത്തരവാകാൻ ദയവുണ്ടാകണം.

**(b)** പാങ്ങോട് **KV UPS** ഹെഡ് മാസ്റ്ററായ തന്നെ സസ്പെൻ്റ് ചെയ്ത് സർവ്വീസിൽ നിന്നും മാറ്റി നിറുത്തേണ്ട അടിയന്തിര സാഹചര്യം ഇല്ലാതിരിക്കെ, അംഗീകൃത സ്കൂൾ മാനേജരായി അബ്ദുൾ ലത്തീഫ് തുടരവേ, അംഗീകൃത സ്കൂൾ മാനേജരെന്ന വ്യാജേന നൗഷാദ് തന്നെ സസ്പെന്റ് ചെയ്തു കൊണ്ട് പുറപ്പെടുവിച്ചതും നിയമ സാധുതയില്ലാത്തതുമായ **11/03/2024** ലെ **11/2024** നമ്പർ ഉത്തരവിന് തെറ്റായി നിയമ സാധുത നൽകിയും സസ്പെൻഷൻ **15** ദിവസത്തിലധികം കാലത്തേക്കു ദീർഘിപ്പിച്ചും പാലോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ **25/03/2024** ന് സി/**483/2024** നമ്പരായി പുറപ്പെടുവിച്ച ചട്ട വിരുദ്ധ ഉത്തരവ് റദ്ദാക്കി ഉത്തരവാകണം.

**(c)** സസ്പെൻഷൻ **9** മാസം പിന്നിട്ടിട്ടും അച്ചടക്ക നടപടി ആരംഭിച്ചിട്ടുപോലുമില്ല എന്ന് കൃത്യമായി ബോധ്യപ്പെട്ടിട്ടും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും ബഹു . കോടതി വിധിന്യായങ്ങൾക്കും വിരുദ്ധമായി സസ്പെൻഷൻ വീണ്ടും ദീർഘിപ്പിച്ചു നല്കിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന ഉത്തരവ് റദ്ദാക്കി തന്നെ എത്രയും വേഗം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ നിർദ്ദേശം നല്കണം.

**(d)**കഴിഞ്ഞ **25** വർഷത്തോളം പാങ്ങോട് **KV UPS** ൻറെ ഹെഡ് മാസ്റ്ററായി മികച്ച നിലയിൽ പ്രവർത്തിച്ചും, അതോടൊപ്പം തന്നെ പാങ്ങോട് ഗ്രാമ പഞ്ചായത്തിൽ **10** വർഷക്കാലമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു മെമ്പറായി പ്രവർത്തിച്ചും, നിലവിൽ പഞ്ചായത്തിൻ്റെ ആസൂത്രണ സമതി അംഗമായി തുടർന്നും വിദ്യാലയത്തിലും പൊതു മണ്ഡലത്തിലും താൻ ആർജിച്ച യജസ്സിനു കളങ്കമേൽപ്പിക്കുക എന്ന ലക്ഷ്യത്തോടെ തന്നെ സർവ്വീസിൽ നിന്നും പുറത്തു നിറുത്തിയതിലൂടെ ഉണ്ടായിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു കാരണക്കാരായവരെ കണ്ടെത്തി ഉചിതമായ ശിക്ഷാ

നടപടിക്കു വിധേയമാക്കുക.

**4. മാനേജർ**

i) പാലോട് വിദ്യാഭ്യാസ ഉപജില്ലയിലെ ഒരു എയ്ഡഡ് സ്കൂളായ പാങ്ങോട് കെ.വി.യു.പി. സ്കൂളിൽ അനേകവർഷങ്ങളായി ശ്രീ. എ.എം. അൻസാരിയാണ് പ്രഥമാദ്ധ്യാപകൻ. 2023-24 ലെ തസ്തിക നിർണ്ണയത്തിൽ പ്രഥമാദ്ധ്യാപകന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതിനാൽ ടിയാന് എതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 31/01/2024-ലെ ബി6/608/202 നമ്പർ കത്തിലൂടെ നിർദ്ദേശിച്ചു. വകുപ്പ് തല നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി മാനേജർ 11/03/2024-ലെ ഉത്തരവ് പ്രകാരം ശ്രീ. എ.എം. അൻസാരിക്കെതിരെ വേലവിലക്ക് ഏർപ്പെടുത്തി. വേലവിലക്കിക്കൊണ്ടുള്ള ഉത്തരവ് നേരിട്ടോ, തപാലിലോ കൈപ്പറ്റാൻ ശ്രീ. അൻസാരി തയ്യാറായില്ല. എന്നാൽ ടിയാൻ എല്ലാദിവസവും സ്കൂളിൽ വന്ന് വിവിധ വിഷയങ്ങളിൽ അനാവശ്യമായി ഇടപെടുകയും വാർഷിക പരീക്ഷാ നടത്തിപ്പ്, സ്കൂളിന്റെ സുഗമമായ പ്രവർത്തനം എന്നിവയ്ക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തു. തത്സംബന്ധമായി ടീച്ചർ-ഇൻ-ചാർജ്ജ് മാനേജർക്ക് പരാതി നൽകി. ശ്രീ. അൻസാരി 18/03/2024-ൽ വേലവിലക്ക് അവഗണിച്ച് സ്കൂളിലെത്തി സ്കൂൾ ഓഫീസിൽ വരികയും തങ്ങളുടെ അനുമതിയോ, അറിവോ ഇല്ലാതെ ശരീരഭാഗങ്ങളുടെ ഫോട്ടോയും വീഡിയോയും എടുത്തതായി ഒൻപതോളം അദ്ധ്യാപികമാർ ഒപ്പിട്ട പരാതി പാങ്ങോട് പോലീസിന് നൽകി. ഇപ്രകാരം സ്കൂൾ അന്തരീക്ഷം സംഘർഷഭരിതമാകുന്ന സാഹചര്യത്തിലാണ് നിയമപരമായ പരിഹാരംതേടി ഡബ്ല്യു.പി.(സി.) 11940/2024 ഫയൽ ചെയ്തത്. പ്രസ്തുത ഹർജിയിൽ 05/04/2024-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലൂടെ മാനേജരുടെ നിവേദനം പരിഗണിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

ii) ഇതിനിടെ പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 25/03/2024-ലെ സി/483/2024 നമ്പർ ഉത്തരവിലൂടെ ശ്രീ. എ.എം. അൻസാരിയുടെ വേലവിലക്ക് 15 ദിവസത്തിൽ അപ്പുറത്തേക്ക് ദീർഘിപ്പിച്ചു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. എ.എം. അൻസാരി ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 10039/2024, 05/04/2024-ലെ വിധിന്യായപ്രകാരം പിൻവലിച്ചു. ഇതിനിടയിലും ശ്രീ. എ.എം. അൻസാരിയുടെ ചട്ടലംഘനങ്ങൾ അനസ്യൂതം തുടർന്നു. നിയമനാധികാരിയായ മാനേജരെ സ്കൂൾ കോമ്പൗണ്ടിലൂടെ പുലഭ്യംപറഞ്ഞ് നടക്കുന്നത് പതിവായി. 21/03/2024-ൽ ടീച്ചർ-ഇൻ-ചാർജ്ജ് പുറത്തുപോയ അവസരത്തിൽ മറ്റ് മൂന്നുപേരുടെ സഹായത്തോടെ ശ്രീ. എ.എം. അൻസാരി സ്കൂളിൽ അതിക്രമിച്ചുകയറി സി.സി.ടി.വി. യൂണിറ്റ് നശിപ്പിച്ചതായി പാങ്ങോട് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടിട്ടുണ്ട്.

iii) ശ്രീ. എ.എം. അൻസാരിയ്ക്കെതിരെ 15/04/2024-ൽ കുറ്റപത്രവും

കുറ്റാരോപണ പത്രികയും നൽകിയെങ്കിലും നിശ്ചിതസമയപരിധി കഴിഞ്ഞും യാതൊരുപ്രതികരണവും ടിയാനിൽനിന്നും ഉണ്ടായില്ല. ഈ സാഹചര്യത്തിൽ കെ.ഇ.ആർ. അദ്ധ്യായം **XIV A** യിലെ ചട്ടം **75** അനുശാസിക്കുംവിധം ഒരു ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാനേജർ പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് അഭ്യർത്ഥിച്ചു.

**iv)** എൻക്വയറി ഓഫീസറായി നിയമിതയായ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ **04/09/2024**-ൽ സ്കൂളിൽ വച്ച് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും **13/09/2024**-ലെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. ആരോപണങ്ങൾ എല്ലാം ശരിയാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ട സാഹചര്യത്തിൽ ശ്രീ. എ.എം. അൻസാരിക്കെതിരെ കഠിനശിക്ഷ ഏർപ്പെടുത്തുന്നതിനെതിരെ വിശദീകരണം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ നോട്ടീസ് മുഖേന ആവശ്യപ്പെട്ടു. ശ്രീ. എ.എം. അൻസാരി സമർപ്പിച്ച വിശദീകരണത്തിൽ മുൻനിലപാടുകൾ ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. തന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചകൾ അംഗീകരിക്കാനോ, അതിൽ പശ്ചാത്തപിക്കാനോ ഉള്ള മാനസികാവസ്ഥ ടിയാന് ഇല്ല. പകരം മാനേജരേയും വകുപ്പുതല അധികാരികളെയും വിമർശിക്കാനാണ് ശ്രമിച്ചുകാണുന്നത്. അദ്ധ്യാപകനെ സംബന്ധിച്ചുള്ള പെരുമാറ്റ ചട്ടങ്ങൾ പാടേ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന നടപടികളാണ് ശ്രീ. അൻസാരി തുടരുന്നത്. ശ്രീ. എ.എം. അൻസാരി അനേകവർഷത്തെ പ്രഥമാദ്ധ്യാപക പരിചയമുള്ള ആളാണ്. പ്രഥമാദ്ധ്യാപകൻ്റെ ഉത്തരവാദിത്വങ്ങളെപ്പറ്റി അറിവുള്ള ആളാണ്, എന്നിരിക്കെ ടിയാൻ ചെയ്തുകൊണ്ടിരിക്കുന്ന ചട്ടനിഷേധങ്ങൾ മനഃപൂർവ്വമാണെന്ന കാര്യത്തിൽ സംശയമില്ല. ഇത് പ്രശ്നത്തെക്കൂടുതൽ ഗൗരവമുള്ളതാക്കുന്നു.

**v)** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **08/11/2024**-ലെ വി.എ.(2)/7430/2024/ഡി.ജി.ഇ. നമ്പർ ഉത്തരവിലൂടെ ശ്രീ. എ.എം. അൻസാരിയുടെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് സമയബന്ധിതമായി ചട്ടപ്രകാരം അച്ചടക്കനടപടി പൂർത്തീകരിക്കുവാൻ നിർദ്ദേശിച്ചു. ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ശ്രീ. എ.എം. അൻസാരിക്കെതിരെ ശിക്ഷ നിർണ്ണയിച്ചുകൊണ്ട് **22/11/2024**-ൽ **30/2024** നമ്പർ ഉത്തരവിലൂടെ മാനേജർ അച്ചടക്കനടപടി പൂർത്തീകരിച്ചു. പ്രസ്തുത നടപടി വകുപ്പുതല അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**vi)** ധനകാര്യ പരിശോധനാവിഭാഗം പാങ്ങോട് കെ.വി. യു.പി. സ്കൂളിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ **10/07/2024**-ലെ ഐ.ഡബ്ല്യു-എ2/20/2024-ഫിൻ പ്രകാരം ശ്രീ. എ.എം. അൻസാരിക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കണമെന്ന്

നിർദ്ദേശിച്ചതിൻപ്രകാരം ശ്രീ. എ.എം. അൻസാരിക്ക് വിശദീകരണം തേടിക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കയാണ്.

**vii)** **21/11/2024**-ലെ റിവിഷൻ ഹർജിയിലൂടെ ഹർജിക്കാരൻ്റെ ആവശ്യം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **08/11/2024**-ലെ ഉത്തരവ് റദ്ദാക്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണം എന്നാണ്. ശ്രീ. എ.എം. അൻസാരി റിവിഷൻ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള വാദഗതികളെല്ലാം. പലഘട്ടങ്ങളിൽ എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ജി.ഇ., പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നീ വകുപ്പുതല അധികാരികൾ പരിശോധിച്ച് തള്ളിയിട്ടുള്ളതാണ്.ഹർജിക്കാരന്റെ പ്രധാന ആക്ഷേപം തനിക്കെതിരെ നടപടിയെടുത്തത് യഥാർത്ഥ മാനേജരല്ല എന്നതാണ്. ശ്രീ. അബ്ദുൽ ലത്തീഫ് എന്ന മാനേജരും ശ്രീ. നൗഷാദ് എ.ജി.യും- തമ്മിൽ പാങ്ങോട് കെ.വി. യു.പി. സ്കൂൾ സംബന്ധിച്ച് വിൽപ്പനകരാറിൽ ഏർപ്പെടുകയും പ്രസ്തുത കരാറിന് വകുപ്പുതല അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ മാനേജരാകേണ്ട ശ്രീ. നൗഷാദ്. എ.ജി.-യെ കറസ്പോണ്ടൻ്റായി നിയമിച്ചത്. ഒരു എയ്ഡഡ് സ്കൂളിൽ മാനേജ്മെൻ്റ് വാക്വം ഒഴിവാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കാൻവേണ്ടിയാണ് അപ്രകാരം ചെയ്തത്.

**viii)** ശ്രീ. നൗഷാദ് എ.ജി-യ്ക്ക് മാനേജ്മെൻ്റ് മാറ്റം അംഗീകരിച്ച് കിട്ടിയത് പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **24/05/2024**-ലെ ഉത്തരവിൻപ്രകാരമാണ്. എന്നാൽ അതുവരെ കറസ്പോണ്ടന്റായി പ്രവർത്തിക്കാനുള്ള അനുമതി ലഭിച്ചിരുന്നു. പ്രസ്തുത കറസ്പോണ്ടന്റിന് നിയമനാധികാരം ഉൾപ്പെടെയുള്ള ചുമതലകൾ അനുവദിച്ചിരുന്നു. നിയമനാധികാരിയാണ് അച്ചടക്ക നടപടിയ്ക്കുള്ള അധികാരിയും എന്നതിനാലാണ് കറസ്പോണ്ടൻ്റ് പ്രഥമാദ്ധ്യാപകനെതിരെ നടപടി ആരംഭിച്ചത്. ഒരു എയ്ഡഡ് സ്കൂളിന് ഒരേസമയം മാനേജരും, കറസ്പോണ്ടന്റും ഉണ്ടായിരിക്കാൻ വ്യവസ്ഥയില്ല. മാനേജർക്ക് തൻ്റെ ചുമതലകൾ നിർവ്വഹിക്കാൻ അസൗകര്യമുള്ള സാഹചര്യത്തിലാണ് മാനേജ്മെന്റ് വാക്വം ഒഴിവാക്കാൻ കറസ്പോണ്ടന്റിനെ നിയമിക്കുന്നത്. അപ്രകാരമുള്ള കറസ്പോണ്ടന്റിന് മാനേജരുടെ എല്ലാ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കാൻ അർഹതയുണ്ട്. ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ളതുപോലെ കത്തിടപാടുകൾ നടത്താൻ ഒരു കറസ്പോണ്ടന്റും, അച്ചടക്കനടപടി എടുക്കാൻ മാനേജരും എന്ന വ്യവസ്ഥയില്ല. ശ്രീ. അബ്ദുൾ ലത്തീഫ് തന്റെ ചുമതലകൾ കറസ്പോണ്ടൻ്റായ ശ്രീ. നൗഷാദ് എ.ജി-യ്ക്ക് കൈമാറിയ നടപടിയിൽ ചട്ടവിരുദ്ധമായി യാതൊന്നുമില്ല. മാനേജർ നിശ്ചയിക്കുന്ന തീയതിവരെ മാത്രമേ കറസ്പോണ്ടന്റിന് തൽസ്ഥാനത്ത് തുടരാൻ കഴിയൂ. ഇവിടെ മാനേജർ കറസ്പോണ്ടൻ്റിന്റെ ഏതെങ്കിലും പ്രവൃത്തികളെ നിരാകരിക്കുകയോ വിമർശിക്കുകയോ ചെയ്തിട്ടില്ല
.

**ix)** പ്രഥമാദ്ധ്യാപകനായിരിക്കെ **2023-24** വർഷത്തെ തസ്തിക

നിർണ്ണയവുമായി ബന്ധപ്പെട്ട് ഏതാനും കുട്ടികളുടെ യു.ഐ.ഡി.-യിൽ ഉണ്ടായ വീഴ്ചയും തന്മൂലം ഡിവിഷൻ കുറവുണ്ടായി അദ്ധ്യാപകർ പുറത്തുപോയതുമെല്ലാം വളരെ നിസ്സാര സംഭവങ്ങളായിട്ടാണ് ഹർജിക്കാരൻ കാണുന്നത്. ഒരു ലഘുശിക്ഷപോലും ചുമത്താവുന്ന സാഹചര്യം കുറ്റാരോപണത്തിൽ കാണുന്നില്ല എന്നാണ് ഹർജിക്കാരൻ്റെ പക്ഷം. ശ്രീ. എ.എം. അൻസാരിക്കെതിരെ മാനേജർ അച്ചടക്കനടപടി സ്വീകരിച്ചത് ഏക പക്ഷീയമായിട്ടല്ല. മറിച്ച്, വകുപ്പുതല നിർദ്ദേശപ്രകാരമാണ്. സാമ്പത്തിക തിരിമറി, കൃത്രിമരേഖ ചമയ്ക്കൽ, വനിതാജീവനക്കാരോടുള്ള മര്യാദകെട്ട പെരുമാറ്റം എന്നിങ്ങനെ വളരെ ഗൗരവമേറിയ ആരോപണങ്ങളാണ് നിലവിലുള്ളത്. പ്രഥമാദ്ധ്യാപകൻ എന്നല്ല, ഒരു സഹ അദ്ധ്യാപകനായിട്ടു പോലും സർവ്വീസിൽ തുടരാനുള്ള അർഹത ശ്രീ. എ. എം. അൻസാരിയ്ക്കുണ്ടെന്ന് തോന്നുന്നില്ല.

x) ശ്രീ. അൻസാരിക്കെതിരെ 11/03/2024-ലെ ഉത്തരവിലൂടെ ആരംഭിച്ച അച്ചടക്ക നടപടി ശിക്ഷ നിശ്ചയിച്ച് മാനേജർ പൂർത്തിയാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കാൻ വകുപ്പുതല അനുമതി കിട്ടേണ്ടതുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിൻ്റെ നിർദ്ദേശപ്രകാരം അൻസാരിക്കെതിരെ 22/11/2024-ലെ നോട്ടീസ് പ്രകാരം ആരംഭിച്ച നടപടികൾ തുടരുകയാണ്. ഈ സാഹചര്യത്തിൽ ടിയാനെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നത് യാതൊരു രീതിയിലും ഗുണകരമാവില്ല, ആയത് ഒരു തെറ്റായ സന്ദേശം സമൂഹത്തിന് പ്രദാനംചെയ്യുന്നതുമായിരിക്കും.

xi) മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വാദമുഖങ്ങൾ നിലനിൽക്കത്തക്കതല്ലെന്ന് ബോധ്യപ്പെട്ട് തള്ളിക്കളയണമെന്നും, വിദ്യാഭ്യാസ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ടിയാന് എതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിക്കാനുള്ള അനുമതി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

**5. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ**

i) കെവിയുപിഎസ് പങ്ങോട് സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ നടപടികളിൽ ടി സ്കൂൾ പ്രഥമാദ്ധ്യാപകന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതുമായി ബന്ധപ്പെട്ട് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ടി വിവരം റിപ്പോർട്ട് ചെയ്യാൻ ടി സ്കൂളിൻറെ കറസ്പോണ്ടൻറ് മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 11-03-2024 തീയതിയിലെ No.11/2024 നടപടി ഉത്തരവ് പ്രകാരം ടി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ എ എം അൻസാരിയെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് മാനേജർ ഉത്തരവായിരുന്നു. കറസ്പോണ്ടൻ്റ് മാനേജരുടെ നിയമപരമല്ലാത്ത നീക്കങ്ങൾ തടയണമെന്ന് കാണിച്ചു കൊണ്ട് പ്രഥമാദ്ധ്യാപകനായ ശ്രീ. എ.എം അൻസാരിയും കത്ത് നൽകിയിരുന്നു.

**ii)** ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങൾക്കായി വിദേശത്ത് ആയതിനാലും. ആരോഗ്യപരമായ പ്രശ്നങ്ങൾ നിലവിലുള്ളതിനാലും സ്കൂളിന്റെ മാനേജ്മെൻ് ചുമതലകൾ യഥാസമയം നിർവഹിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതിനാൽ നിയമനാധികാരം ഉൾപ്പെടെയുള്ള എല്ലാ ചുമതലകളും ഉൾപ്പെടെ, കെവി യുപിഎസ് പാങ്ങോട് സ്കൂളിന്റെ കറസ്പോണ്ടൻ്റ് മാനേജർ ചുമതല ശ്രീ നൗഷാദ് എ ജി, പണയിൽ വീട്, മണക്കോട്, പാങ്ങോട് പിഒ എന്ന വ്യക്തിക്ക് നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷയും നോട്ടറി അഫിഡവിറ്റും മുൻ മാനേജർ ശ്രീ.എം അബ്ദുൽ ലത്തീഫിൽ നിന്നും ലഭ്യമാവുകയും, ആയത് അനുമതി ഉത്തരവിനായി തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് കെ വി യു പി എസ് പാങ്ങോടിൻറെ കറസ്പോണ്ടൻറ് മാനേജരായി ശ്രീ നൗഷാദ്. എ ജി യെ **19-06-2023** മുതൽ നിയമിച്ചു കൊണ്ടുള്ള മുൻ സ്കൂൾ മാനേജർ ശ്രീ.എം അബ്ദുൽ ലത്തീഫിൻറെ നടപടി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

**iii)** കറസ്പോണ്ടന്റ്റ് മാനേജർഷിപ്പ് സ്ഥാനം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചു നൽകിയതിന് ശേഷമാണ് ശ്രീ എ എം അൻസാരി യെ വേലവിലക്കിയിട്ടുള്ളത്. നിലവിൽ കെവി യുപിഎസ് പാങ്ങോട് സ്കൂളിൻറെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെൻറ് മാറ്റം ശ്രീ നൗഷാദ്.എ ജി പണയിൽ വീട്, മണക്കോട്, പാങ്ങോട് പിഒ എന്ന വ്യക്തിയുടെ പേരിൽ അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കെവി യുപിഎസ് പങ്ങോട് സ്കൂളിലെ പ്രഥമാധ്യാപകൻ ശ്രീ എ എം അൻസാരി വേലവിലക്കിയ നടപടിയെക്കുറിച്ച് പാലോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ പ്രസ്തുത സ്കൂളിൽ നേരിട്ടെത്തി അന്വേഷണം നടത്തുകയും, തുടർന്ന് ഈ വിഷയത്തിൽ ടി സ്കൂളിൽ വച്ച് നടത്തിയ നേരിൽ കേൾക്കലിൽ ബന്ധപ്പെട്ട കക്ഷികൾ അറിയിച്ച വാദഗതികൾ ലഭ്യമായ ഹിയറിങ് കുറിപ്പുകൾ എന്നിവ പരിശോധിച്ചതിലും, സ്കൂളിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീ എ എം അൻസാരി യെ വേലവിലക്കിയ കറസ്പോണ്ടൻ്റ് മാനേജരുടെ നടപടി ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.എ.എം.അൻസാരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **WP(c) No 10039/ 2024** ൻ്റെ അന്തിമ വിധി ന്യായത്തിന് വിധേയമായി **15** ദിവസത്തിലധികം ദീർഘിപ്പിക്കണമെന്ന മാനേജരുടെ ആവശ്യം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്

**iv)** കെ.വി.യു .പി .എസ് .പാങ്ങോട് സ്കൂളിലെ നിലവിലെ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീ.നൗഷാദ്.എ.ജി. നൽകിയ വേലവിലക്ക് ഉത്തരവ് ടി സ്കൂൾ പ്രഥമാധ്യാപകനായ ശ്രീ.എ.എം. അൻസാരി കൈപ്പറ്റുകയോ, നിലവിൽ സ്കൂളിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകന് സ്കൂളിലിലെ രേഖകൾ

യഥാസമയം കൈമാറുകയോ ചെയ്തിരുന്നില്ല. ടിയാനെ വേല വിലക്കിയതുമായി ബന്ധപ്പെട്ട് ടിയാൻ ബഹു.ഹൈക്കോടതിയിൽ **12-03-2024** തീയതിയിൽ **WP(C) No 10039/2024** പ്രകാരം കേസ് ഫയൽ ചെയ്യുകയും, ആയതിൻറെ വിധി കാക്കാതെ ടിയാൻ സ്കൂളിൻറെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെട്ട് ജീവനക്കാർക്കും സ്കൂളിനും നിരന്തരം തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത സ്കൂളിലെ പ്രഥമാധ്യാപകൻ ശ്രീ അൻസാരി എ എം വേലവിലക്കിലായതിനാൽ സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ടി സ്കൂളിലെ യുപി എസ് റ്റി ശ്രീ അനീഷ് എം വി ക്കു ചുമതല നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷ, ടിയാന് താൽക്കാലികമായി സ്കൂളിൻറെ ചുമതല നൽകുന്നതിന് എതിർപ്പില്ല എന്നുള്ള ശ്രീ അനീഷ് എം വി യെക്കാൾ സീനിയറായ അധ്യാപകരുടെ സമ്മതപത്രം സഹിതം സമർപ്പിച്ചതിനെ തുടർന്ന് പ്രഥമാധ്യാപകൻറെ ചുമതല താൽക്കാലികമായി **11-03- 2024 FN** മുതൽ ടി സ്കൂളിലെ യുപി എസ് റ്റി ശ്രീ അനീഷ് എം വി ക്കു നൽകി ഉത്തരവായിട്ടുണ്ട്.

**v) WP(C) No10039/2024** ലെ **05-04-2024**-ലെ വിധിന്യായ പ്രകാരം ശ്രീ എ എം അൻസാരി പ്രധാന അധ്യാപകൻ ഫയൽ ചെയ്തിട്ടുള്ള മേൽ പറഞ്ഞ **WP(C)** പിൻവലിക്കുകയും, **15** ദിവസത്തിലധികം സസ്പെൻഷൻ നടപടി ദീർഘിപ്പിക്കാൻ അനുമതി നൽകികൊണ്ടുള്ള എ ഇ ഒ യുടെ നടപടിക്കെതിരെ കോടതിയെ വീണ്ടും സമീപിക്കാനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പ്രഥമാധ്യാപകന് എതിരെ നിലവിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾ പൂർത്തീകരിച്ച് അടിയന്തിരമായി അറിയിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് കെ വി യു പി എസ് പാങ്ങോട് ലെ പ്രധാനഅധ്യാപകൻ ശ്രീ എ എം അൻസാരി യുടെ സസ്പെൻഷൻ നടപടികളിന്മേൽ കെ ഇ ആർ അധ്യായം**X IVA** ചട്ടം **75 (b)** പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകണം എന്ന ആവശ്യം ചൂണ്ടിക്കാട്ടി മാനേജർ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

**vi)** തുടർന്ന് ശ്രീ.എ എം അൻസാരിയുടെ സസ്പെൻഷൻ നടപടി അന്വേഷിച്ച് റിപ്പോർട്ട് നല്കുന്നതിലേക്കായി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉത്തരവാകുകയും, ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി വിഷയത്തിൻമേൽ അന്വേഷണം നടത്തി മാനേജർക്ക് **ENQUIRY** റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ശ്രീ.എ എം അൻസാരിക്കു എതിരെ കമ്പൽസറി റിട്ടയർമെൻ്റ് ശിക്ഷാനടപടി സ്വീകരിക്കുന്നതാണ് എന്ന് കാണിച്ചു ശ്രീ.എ എം അൻസാരിക്കു നൽകിയ കത്തിൻറെ പകർപ്പ് മാനേജർ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കഠിന ശിക്ഷ ചുമത്താനുള്ള വിദ്യാലയ മാനേജരുടെ താത്കാലിക തീരുമാനം പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണം എന്നുള്ള അപേക്ഷ ശ്രീ.എ എം അൻസാരിയിൽ നിന്നും ലഭ്യമായിട്ടുണ്ട് ശ്രീ.എ എം അൻസാരി ഇപ്പോഴും

വേലവിലക്കിൽ തുടരുകയാണ്. ടി വിഷയത്തിൽ സർക്കാർ തലത്തിലുള്ള അപ്പീൽ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ് .

**vii)** ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.എ എം അൻസാരി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിൽ മേൽ പുറപ്പെടുവിച്ച നടപടി ഉത്തരവ് പ്രകാരം ടിയാന്റെ സസ്പെൻഷൻ നടപടി 6 മാസത്തിലധികം ദീർഘിക്കുന്നതിനുള്ള ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

**6. പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**i)** വേലവിലക്ക് ഏർപ്പെടുത്തിയിട്ടും സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും ശ്രീ അൻസാരിയെ തടയണമെന്ന് ആവശ്യപ്പെട്ട് മാനേജരുടെ ചുമതല വഹിക്കുന്ന ശ്രീ. നൗഷാദ് എ.ജി ബഹു ഹൈക്കോടതിയിൽ **WP(C) No. 11940/2024** ഫയൽ ചെയ്യുകയും ആയതിന്റെ **5/4/2024** ലെ ഇടക്കാല ഉത്തരവ് പ്രകാരം **Exhibit P9** ആയി മാനേജർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന് നിർദേശമുണ്ടായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ **04/10/2024** നു ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

**ii)** വേലവിലക്കിന്മേലുള്ള തുടർ നടപടിയായി കെ.ഇ.ആർ അധ്യായം **XIV A** ചട്ടം **75** പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തിയിരുന്നു. എന്നാൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനേജർ നൽകിയ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ശ്രീ അൻസാരി കൈപ്പറ്റിയിട്ടില്ലായിരുന്നു. സസ്പെൻഷനിൽ ആയിരുന്നപ്പോൾ ടിയാൻ സ്കൂളിൽ അതിക്രമിച്ചു കടന്നു സ്കൂൾ രേഖകൾ കൈകാര്യം ചെയ്തു. കൂടാതെ **CC TV** നശിപ്പിക്കുകയും വനിതാ ജീവനക്കാരുടെ സമ്മതമില്ലാതെ വീഡിയോ പകർത്തുകയും ഒരു ടീച്ചറോടുള്ള വ്യക്തി വൈര്യാഗ്യത്തിൽ പവിത്രമായ പ്രഥമാധ്യാപക സ്ഥാനം ദുരുപയോഗപ്പെടുത്തുകയും ചെയ്തു. ശ്രീ അൻസാരിയുടെ സസ്പെൻഷൻ **6** മാസം കഴിഞ്ഞ സാഹചര്യത്തിലും ഉച്ചഭക്ഷണ പരിപാടിയിലെ ക്രമക്കേട്, സാമ്പത്തിക തിരിമറി, സർവീസ് ബുക്ക് തിരുത്തൽ തുടങ്ങി ഗുരുതരമായ പല കേസുകളിലും വകുപ്പ് തലത്തിൽ അന്വേഷണം നടന്നുവരുന്ന സാഹചര്യത്തിൽ വിദ്യാലയത്തിലേയ്ക്കുള്ള ഇദ്ദേഹത്തിൻ്റെ പുനപ്രവേശനം വിലപ്പെട്ട തെളിവുകൾ നഷ്ടമാകാൻ കാരണമായേക്കാം എന്നുള്ളതിനാലാണ് ടിയാന്റെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകി ഉത്തരവായത് .

**7.** ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികൾ, ഹാജരാക്കിയ രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു.

**8. 11/03/2024** തീയതിയിൽ ശ്രീ. നൗഷാദ് തന്നെ സസ്പെന്റ് ചെയ്തത് നിയപരമായി നിലനിൽക്കുന്നതല്ല എന്നും പ്രസ്തുത സസ്പെൻഷൻ ഉത്തരവും ആയത് ദീർഘിപ്പിച്ചു നൽകിയ നടപടിക്രമവും റദ്ദ് ചെയ്യണമെന്നതാണ്

റിവിഷൻ ഹർജിയിലെ ആവശ്യം.

**9.** ടി സ്കൂളിലെ യു.പി..എസ്.റ്റി ആയ ശ്രീമതി ശ്രീജ എന്നവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിൽ ശ്രീ.എ.എം അൻസാരിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ശ്രീമതി ശ്രീജ **5**-ാം ക്ലാസിലെ എല്ലാകുട്ടികളുടേയും യു.എ.ഡി ഉൾപ്പടെയുള്ള രേഖകൾ **6**-ാം സാധ്യായ ദിവസത്തിനു മുൻപ് തന്നെ പ്രധാനാദ്ധ്യാപകനായ ശ്രീ.എ.എം. അൻസാരിയെ ഏൽപ്പിച്ചിരുന്നെങ്കിലും ആയത് യഥാസമയം സമ്പൂർണ്ണയിൽ ചേർത്തില്ല. ടിയാനെതിരെ സമാന ആരേപണം മറ്റ് രണ്ട് അദ്ധ്യാപകരും ഉന്നയിച്ചിട്ടുണ്ട്. ടിയാന്റെ ബോധപൂർവ്വമായ പ്രസ്തുത വീഴ്ചമൂലം ടിയാളുകളുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി. ആയതിനാലാണ് ടിയാനെതിരെ നടപടികൾ സ്വീകരിക്കേണ്ടി വന്നത്.

**10.** മാനേജർ നൽകിയ സസ്പെൻഷൻ ഉത്തരവ് നേരിട്ടോ തപാലിലോ കൈപ്പറ്റാൻ ടിയാൻ തയ്യാറായില്ല. അതുപോലെ തന്നെ **15/04/2024** തീയതിയായി മാനേജർ നൽകിയ കുറ്റപത്രം തനിക്ക് ലഭിച്ചില്ലായെന്നും തനിക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ല എന്നുമാണ് ടിയാന്റെ വാദം. എന്നാൽ ടിയാൻ കുറ്റപത്രം കൈപ്പറ്റിയിട്ടുണ്ട് എന്നാണ് മാനേജർ ഹിയറിംഗ് വേളയിൽ പറഞ്ഞിട്ടുള്ളത്. ആയതിന് ടിയാൻ യഥാ സമയം മറുപടി നൽകാത്തതിനാലാണ് ഔപചാരിക അന്വേഷണത്തിലേക്ക് പോയത്. എന്നാൽ ടിയാന് ശിക്ഷ സൂചിപ്പിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് ചട്ടം അനുശാസിക്കുന്ന പ്രകാരമാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിനു മുൻപായി ആയത് പരിശോധിക്കേണ്ടതുണ്ട്.

**11. 17/06/2023** ൽ പാങ്ങോട് **KVUP** സ്കൂൾ മാനേജറായിരുന്ന ശ്രീ. അബ്ദുൾ ലത്തീഫ് എം മാനേജറുടെ എല്ലാ ചുമതലകളും നിർവ്വഹിക്കുവാനുള്ള അധികാരം ശ്രീ. നൗഷാദ് എ.ജെ-യ്ക്ക് നൽകിക്കൊണ്ട് ചുമതല കൈമാറ്റം നടത്തുകയുണ്ടായി. പ്രസ്തുത നടപടി **08/08/2023**-ലെ നടപടി ക്രമം പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ അംഗീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്കൂളിന്റെ ഉടമസ്ഥാവകാശം ഉൾപ്പടെയുള്ള മാനേജ്മെന്റ് കൈമാറ്റത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും മറ്റ് അപാകതകൾ ഉള്ളതിനാലും **20/12/2023**-ലെ നടപടിക്രമം പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. പിന്നീട് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ **24/05/2024**-ലെ നടപടി ക്രമം പ്രകാരം പാങ്ങോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത മാനേജ്മെന്റ് കൈമാറ്റം അംഗീകരിക്കുകയുണ്ടായി.

**12.** കെ.ഇ.ആർ അദ്ധ്യായം **3** ചട്ടം **4(1)** പ്രകാരം മാനേജർ സ്ഥാന കൈമാറ്റം

അംഗീകരിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർ/ വിദ്യാഭ്യാസ ഉപ ഡയറക്ടർ എന്നിവർക്ക് അർഹതയുണ്ട്. ആയതിന് ഡയറക്ടറുടെ അനുമതി ആവശ്യമുള്ളതായി കാണുന്നില്ല. പ്രസ്തുത തീരുമാനത്തിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം അനുവദിച്ചിട്ടുള്ളതാണ്. ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് മാറ്റം വ്യവസ്ഥ ചെയ്യുന്നത് ചട്ടം 5A യിലാണ് ചെയ്യുന്നത്. ആയത് പ്രകാരം ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ മാത്രമേ ഉടമസ്ഥാവകാശ കൈമാറ്റത്തോടെയുള്ള മാനേജ്മെന്റ് മാറ്റം അംഗീകരിക്കാനാവുകയുള്ളു. ഈ വിഷയം പരിശോധിച്ചതിൽ ചട്ടം 4(1) പ്രകാരം മാനേജർ നിയമനം അംഗീകരിച്ചു നൽകിയത് 08/08/2023 ലെ ഉത്തരവ് പ്രകാരമാണെന്നു കാണുന്നു. ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് മാറ്റമാണ് 24/05/2024-ലെ ഉത്തരവ് പ്രകാരം അനുവദിച്ചതെന്നും കാണുന്നു.

**13.** KER CHAPTER 3 RULE 6 പ്രകാരം ***Correspondence to be carried on by Manager – All correspondence relating to the management of an aided school shall be carried on by the manager or a person appointed by him and approved by the Director**** എന്നുള്ളതിനാൽ <u>മാനേജർക്കു വേണ്ടിയാണ്</u> മാനേജരുടെ ചുമതല വഹിക്കുന്ന ശ്രീ.നൗഷാദ്.എ.ജി അച്ചടക്ക നടപടി സംബന്ധിച്ച **correspondence** നടത്തിയിട്ടുള്ളത് എന്നതിനാൽ ആയത് ചട്ട പ്രകാരമാണ്. ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് മാറ്റം ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ ചട്ടം 5A പ്രകാരം നടത്തിയാലും പുതിയ മാനേജരുടെ നിയമനം അപ്രൂവ് ചെയ്യുന്നതിന് കെ.ഇ.ആർ അദ്ധ്യായം 3 ചട്ടം 4(1) പ്രകാരം **Educational Officers** ന് അധികാരമുണ്ട്. കൂടാതെ നിലവിലുള്ള മാനേജർ മരണപ്പെടുകയോ സ്ഥാനം ഒഴിയുകയോ ചെയ്യുന്ന സാഹചര്യങ്ങളിലും പുതിയൊരു മാനേജരുടെ (അനന്തരാവകാശി ആയ) നിയമനം അപ്രൂവ് ചെയ്യുന്നതിന് **Educational Officers** ന് അധികാരമുണ്ട്.

14. പാങ്ങോട് KVUP സ്കൂൾ മാനേജറായിരുന്ന ശ്രീ. അബ്ദുൾ ലത്തീഫ് എം ബിസിനസ്സ് സംബന്ധമായി വിദേശത്തായതിനാലും ആരോഗ്യപരമായ കാരണങ്ങളാലും മാനേജ്മെന്റ് ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാനേജറുടെ എല്ലാ ചുമതലകളും നിർവ്വഹിക്കുവാനുള്ള അധികാരം 17/06/2023-ലെ സമ്മതപത്രം പ്രകാരം ശ്രീ. നൗഷാദ് എ.ജി-യ്ക്ക് നൽകിക്കൊണ്ട് ടിയാനെ കറസ്പോണ്ടന്റായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

15. മാനേജർക്കു വേണ്ടിയാണ് മാനേജരുടെ ചുമതല വഹിക്കുന്ന ശ്രീ.നൗഷാദ്.എ.ജി അച്ചടക്ക

നടപടി സംബന്ധിച്ച correspondence നടത്തിയിട്ടുള്ളതെങ്കിൽ ആയത് ചട്ട പ്രകാരമാണ്. ആയതിനാൽ **11/03/2024** തീയതിയിൽ ശ്രീ. നൗഷാദ് എ.ജി, ശ്രീ. അൻസാരിയെ സസ്പെന്റ് ചെയ്തതും, ആയത് ദീർഘിപ്പിച്ചു നൽകിയതും, ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതും ക്രമപ്രകാരമാണെന്നു കാണുന്നു.

**16.** മേൽ സാഹചര്യത്തിൽ, ശ്രീ. അൻസാരി.എ.എം സമർപ്പിച്ച പരാമർശം **(1)** റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ANITHA RAJ V**
അണ്ടർ സെക്രട്ടറി

ശ്രീ എ.എം അൻസാരി, പ്രഥമാധ്യാപകൻ (സസ്പെൻഷനിൽ), കെ.വി.യു.പി.എസ്, പാങ്ങോട്
മാനേജർ, കെ.വി.യു.പി.സ്കൂൾ,പാങ്ങോട്
പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലോട്
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (**20/05/2025** ലെ ജെ.എ**1/117/2025**-പൊ.വി.വ പ്രകാരം )
അക്കൌണ്ടൻറ് ജനറൽ (ഓഡിറ്റ്/**A&E**) തിരുവനന്തപുരം
വെബ് ന്യു മീഡിയ (കൈറ്റ്സ്) തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 23-06-2025 10:11:17
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എക്ക്